LIBRARY ARCHIVES Kerala Legislative Assembly

ഗുണനിലവാരമില്ലാത്തവ ആയിരുന്നു എന്ന് പരിശോധനയിൽ കണ്ടെത്തിയിരുന്നു. അതിൽ 122 ബാച്ച് മരുന്നുകൾ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഗുണനിലവാര പരിശോധനാ റിപ്പോർട്ട് ലഭിക്കുന്നതിനുമുമ്പ് തന്നെ വിതരണം ചെയ്യുകഴിഞ്ഞു. സർക്കാർ ആശുപത്രികളിലെ മരുന്നുകളുടെ ലഭ്യതയെക്കുറിച്ച് 2008-12 കാലയളവിൽ നടത്തിയ പരിശോധനയിൽ വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ ആശുപത്രികളിൽ അവശ്യമരുന്നുകളുടെ ലഭ്യത മറ്റു ജില്ലകളെ അപേക്ഷിച്ച് വളരെ കുറവായിരുന്നു.

(ബി) 2013 വർഷത്തെ സ്റ്റോക്കെടുപ്പിന്റെ ഭാഗമായി സിസ്റ്റം സ്റ്റോക്കും ഫിസിക്കൽ സ്റ്റോക്കും താരതമ്യം ചെയ്തപ്പോൾ സിസ്റ്റം സ്റ്റോക്കിനെക്കാൾ 21.23 കോടി രൂപയുടെ കുറവ് ഫിസിക്കൽ സ്റ്റോക്കിൽ കഴിഞ്ഞ അഞ്ചുവർഷത്തെ കാലയളവിൽ ഉണ്ടായതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

(സി) ഇതുമായി ബന്ധപ്പെട്ട് കെ.എം.എസ്.സി.എൽ മുൻ എം.ഡി. ക്കെതിരെയുള്ള സോഫ്റ്റ്വെയർ ദാതാക്കളുടെ പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ) അന്വേഷണം പൂർത്തിയായിട്ടില്ല.

അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള മരുന്നുകളുടെ ഗുണനിലവാര പരിശോധന

128 (2683) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ ഗുണനിലവാരം ഇല്ലാത്ത മരുന്നുകൾ വിൽപ്പന നടത്തുന്നവർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; അറിയിക്കാമോ ?

ഉത്തരം

കേരള വിപണിയിൽ വിറ്റഴിക്കപ്പെടുന്ന മരുന്നുകളിൽ വിവിധ കാരണങ്ങളാൽ ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ വിൽപ്പന തടയുകയും, മരുന്നുകളുടെ ചേരുവകൾ 70 ശതമാനത്തിൽ താഴുകയോ കൂത്തിവയ്പിനുള്ള മരുന്നുകൾ അണുവിമുക്തമല്ലെന്നോ റിപ്പോർട്ട്

ചെയ്യപ്പെട്ടാൽ നിർമ്മാതാവിനെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതും Dissolution, Disintegration എന്നീ minor വീഴ്ചകൾക്ക് ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതിനും, ക്യാൻസൽ ചെയ്യുന്നതിനും, പ്രസ്തുത മരുന്നുകളുടെ വിൽപ്പന തടയുന്നതിനും, അതാത് സംസ്ഥാന ഡ്രഗ്സ് കൺട്രോളർമാരോട് ശിപാർശ ചെയ്യുന്നുണ്ട്. കൂടാതെ എസ്.എം.എസ്. സംവിധാനം വഴി ഗ്രണനിലവാരം കുറഞ്ഞതായി റിപ്പോർട്ടുചെയ്യുന്ന മരുന്നുകളുടെ വിശദാംശങ്ങൾ കേരളത്തിലെ ആരോഗ്യമേഖലയിലുള്ളവരെ (ഫാർമസിസ്റ്റുകൾ, ഡോക്ടർമാർ, നഴ്സുമാർ) അറിയിക്കാറുണ്ട്. ഇപ്രകാരം വളരെ ഫലപ്രദമായ ഒരു സംവിധാനമാണ് ഇപ്പോൾ സംസ്ഥാനത്തുള്ളത്.

വ്യാജ പരസ്യങ്ങൾ വഴിയുള്ള ഔഷധ, ഭക്ഷണവസ്തുക്കളുടെ വിൽപ്പന തടയൽ

129 (2684) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യാജമായ അവകാശവാദങ്ങൾ ഉന്നയിച്ചും അന്ധ വിശ്വാസങ്ങളെ മുതലെടുത്തും വ്യാജപരസ്യങ്ങൾ നൽകി ഔഷധങ്ങളും ആഹാരവസ്തുക്കളും വൻവിലയിൽ വിപണനം ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം വ്യാജപരസ്യങ്ങൾ നൽകുന്നതിൽ നിന്ന് ഉല്പാദകരേയും മാധ്യമങ്ങളേയും നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ആവശ്യമെങ്കിൽ ഇക്കാര്യത്തിൽ പുതിയ നിയമനിർമ്മാണം പരിഗണിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മരുന്നുകളുടെ പരസ്യങ്ങൾ നിയന്ത്രിക്കുന്നത് 1954-ലെ ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് (ഒബ്ജക്ഷണബിൾ അഡ്വർടൈസ്മെന്റ്) നിയമപ്രകാരമാണ്. പ്രസ്തുത നിയമപ്രകാരം ഔഷധങ്ങൾ താഴെപ്പറയുന്ന രോഗങ്ങളിൽ നിന്ന് മുക്തി നൽകും എന്ന് ഒരു ഉൽപ്പാദകരും പരസ്യം ചെയ്യാൻ പാടില്ല :

i. The procurement of miscarriage of women or prevention of conception in women; or

LIBRARY ARCHIVES Kerala Legislative Assembly